അവാർഡ് ജേതാക്കൾക്ക് സംസ്ഥാന സർക്കാർ ഒറ്റത്തവണയായി നൽകുന്ന അവാർഡുകളുടെ തുക വർദ്ധിപ്പിച്ചുകൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആർമി സർവ്വീസ് പെൻഷനും സംസ്ഥാന സർവ്വീസ് പെൻഷനും നൽകുന്നതിന് നടപടി

67 (6214) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർമി സർവ്വീസ്, സംസ്ഥാന സർവ്വീസ് എന്നിവയിൽ ജോലിനോക്കി വിരമിച്ചശേഷം രണ്ട് പെൻഷനും വാങ്ങിവരവേ മരണപ്പെട്ട വ്യക്തികളുടെ ഭാര്യമാർക്ക് രണ്ട് ഫാമിലി പെൻഷനും ലഭിക്കുന്നതിന് അർഹതയുണ്ടോ ;

(ബി) കേന്ദ്രസർക്കാർ ഉത്തരവുപ്രകാരം മറ്റ് സംസ്ഥാനങ്ങളിൽ ഈ രണ്ട് പെൻഷനും ഒരേസമയം ലഭിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്തും പ്രസ്തുത രണ്ട് ഫാമിലി പെൻഷനും ഒരുമിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സർവ്വീസ് റൂൾസ് III-ാം ഭാഗത്തിലെ ചട്ടം 90 (2) (f) പ്രകാരം ഒരാൾക്ക് രണ്ട് കുടുംബ പെൻഷൻ നൽകാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടം ഭേദഗതി ചെയ്യേണ്ടെന്ന് സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ രണ്ട് കുടുംബ പെൻഷൻ ലഭിക്കുന്നതിന് അർഹതയില്ല.

(ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

എൻ.സി.സി. ക്യാമ്പുകളിലെ മോശം പ്രവണതകൾ

68 (6215) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം എൻ.സി.സി. ഗ്രൂപ്പിന്റെ കീഴിലുള്ള തിരുവല്ല 5 കേരള ബറ്റാലിയൻ എൻ.സി.സി.യുടെ അഭിമുഖ്യത്തിൽ 2014 മേയ് 22 മുതൽ 31 വരെ ഇരവിപേരൂർ സെന്റ് ജോൺസ് ഹയർ സെക്കന്ററി സ്കൂളിൽവച്ച് ഒരു എൻ.സി.സി. ക്യാമ്പ് നടന്നിട്ടുണ്ടോ ; ഇതിന്റെ ചുമതല ആർക്കായിരുന്നു ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ക്യാമ്പിൽ പങ്കെടുത്ത ഗേൾ കേഡറ്റിനെ അപമാനിക്കാൻ ശ്രമിച്ച കുക്ക്ഹൗസിലെ ജീവനക്കാരനെതിരെ കേഡറ്റ് പരാതി നല്കിയിട്ടുണ്ടോ ; പ്രസ്തുത പരാതിയിന്മേൽ തെറ്റായി നടപടി സ്വീകരിച്ച കമാൻഡന്റിന്റെ പേരിൽ മുഖ്യമന്ത്രിക്ക് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly